# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-26

## എസ്.എൻ.ജി.എച്ച്.എസ്

## കണിമംഗലം

# ആമുഖം

തൃശൂർ താലൂക്കിൽ കണിമംഗലം വില്ലേജിൽ 2 ഏക്കർ 31 സെന്റ് സ്ഥലത്താണ് ഞങ്ങളുടെ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ദേശീയ അധ്യാപക അവാർഡ് ജേതാവായ ഐ.എം വേലായുധൻ മാസ്റ്ററുടെ കാലത്ത് മികച്ച പ്രകടനം കാഴ്ച വെച്ചിരിക്കുന്നു. ഏകദേശം നാലായിരത്തോളം വിദ്യാർത്ഥികൾ പഠിച്ചിരുന്ന വിദ്യാലയമായിരുന്നു. എസ്.എൻ സ്കൂൾ തുടർന്ന് കുട്ടികളുടെ വർദ്ധനവുമൂലം 1976 - ൽ എസ്.എൻ ഗേൾസ് എസ്.എൻ ബോയ്സ് എന്നിങ്ങനെ സ്കൂൾ 2 ആയി വിഭജിച്ചു. സ്കൂളിന്റെ വളർച്ചയ്ക്ക് വേണ്ടി നല്ലത് എന്ത് ആവശ്യപ്പെട്ടാലും ചെയ്യാൻ തയ്യാറായ മാനേജ്മെന്റും എന്ത് ത്യാഗം അനുഷ്ഠിക്കാൻ മുന്നോട്ടുവരുന്ന ഹെഡ്മാസ്റ്റർ എന്നിവരുടെ പരിശ്രമഫലമായി സ്കൂൾ നിരന്തരം കീർത്തിയാർജ്ജിച്ചു കൊണ്ടിരിക്കുന്നു.

എന്നാൽ ഈ അടുത്ത കാലത്തായി സമീപ പ്രദേശങ്ങളിൽ ഉണ്ടായ പുതിയ വിദ്യാലയങ്ങൾ, ഇംഗ്ലീഷ് മീഡിയം സ്കൂളുകളോടുള്ള രക്ഷിതാക്കളുടെ താല്പര്യം, വാഹന സൗകര്യം നഗരത്തിൽ സാമീപ്യം എന്നിവ മൂലം വിദ്യാർത്ഥികളുടെ എണ്ണം കുറയുവാൻ ഇടയായി. എന്നാൽ കൂട്ടായ പ്രവർത്തനത്തിലൂടെ സ്കൂളിനെ അഭിവൃദ്ധിയിലേക്ക് നയിക്കാം എന്ന പ്രത്യാശ ഞങ്ങൾക്കുണ്ട്.

വിദ്യാലയം മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് 2 കാര്യങ്ങൾ ഉറപ്പു വരുത്തേണ്ടതുണ്ട്. അതിലേറ്റവും പ്രധാനം അക്കാദമിക മികവു തന്നെയാണ്. സ്കൂളിൽ പഠന നിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ അധ്യാപകരുടെ ഭാഗത്തുനിന്നുമുണ്ട്. കഴിഞ്ഞ 5 വർഷം എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് വിജയം നേടാനായത് ഒരു നേട്ടം തന്നെയാണ്.

മികച്ച രീതിയിൽ അക്കാദമിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത് അടിസ്ഥാന സൗകര്യങ്ങളും ആവശ്യമാണ്. മികവുറ്റ ക്ലാസ്സ് മുറി, ലൈബ്രറി, വായനശാല, ലാബുകൾ, പാചകപ്പുര, ഭക്ഷണപ്പുര, മൂത്രപ്പുരകൾ, ശുദ്ധജല ലഭ്യത, ആധുനിക കളിസ്ഥലങ്ങൾ എന്നിവയൊക്കെ ഇതിൽപ്പെടുന്നു.

## വിദ്യാലയത്തിന്റെ സംക്ഷിപ്ത ചരിത്രം

എസ്.എൻ ഹൈസ്ക്കൂളും പരിസരവും ബ്രഹ്മശ്രീരാമാനന്ദ സ്വാമികളുടെ ആത്മീയ ചൈതന്യവും സാന്നിധ്യവും കൊണ്ട് പരിപാവനമാണ്. ശ്രീ നാരായണഗു രുവിന്റെ ശിഷ്യനും ശ്രീ നാരായണ ധർമ്മ സംഘത്തിന്റെ സ്ഥാപക മെമ്പറും പ്രസിദ്ധ സിദ്ധ വൈദ്യനുമായ ബ്രഹ്മശ്രീ രാമാനന്ദ സ്വാമികൾ കൂർക്കഞ്ചേരിയിലുള്ള സിദ്ധവൈദ്യാശ്രമത്തിൽ താമസിച്ച് ശ്രീ നാരായണ ദർശനങ്ങൾ പ്രചരിപ്പിച്ചും സിദ്ധ ആര്യവൈദ സമ്പ്രദായത്തിലുള്ള ചികിത്സാരീതികൾ നടത്തിയും ജനസേവനം ചെയ്തുവരുന്നു. ഇതിനിടയിൽ വിദ്യഭ്യാസ മേഖലയിലും ആ മഹാത്മാവിന്റെ കൈമുദ്ര പതിയുകയുണ്ടായി. അതിന്റെ അനന്തരഫലമായി സ്ഥാപിക്കപ്പെട്ടതാണ് ശ്രീനാരായണ ഗുരുകുലം സംസ്കൃത പാഠശാല. അത് എന്ന് തുടങ്ങി എന്ന് കൃത്യ മായി അറിയാൻ പറ്റിയ മേഖലകൾ ഒന്നും തന്നെ ലഭ്യമല്ല.

സംസ്കൃത സ്കൂളിന് അന്ന് കൊച്ചി ഗവൺമെന്റിൽ നിന്നും ചെറിയൊരു ഗ്രാന്റ് ലഭിച്ചിരുന്നു. രാമാനന്ദ സ്വാമികളുടെ വൈദ്യവൃത്തിയിൽ നിന്നും ലഭിച്ച ആദാ യമാണ് സ്കൂളിന്റെ പ്രവർത്തനത്തിന് വിനിയോഗിച്ചിരുന്നത്. ശ്രീ.വി.ശിവശങ്കരപ്പി ള്ളയായിരുന്നു വിദ്യാലയത്തിലെ പ്രധാന അധ്യാപകൻ എന്ന് കാണുന്നുണ്ട്. കാല ക്രമേണ സംസ്കൃത പഠനത്തിനുള്ള താല്പര്യം ജനങ്ങളിൽ കുറഞ്ഞു വരികയും സംസ്കൃത പാഠശാല നടത്തിക്കൊണ്ടുപോകുന്നത് അസാധ്യമായിത്തീരുകയും ചെയ്തു. അങ്ങനെ സംസ്കൃത പാഠശാലയായ സംസ്കൃത മിഡിൽ സ്കൂളായി പരി വർത്തനം ചെയ്തു.

1954 –-ൽ മിഡിൽ സ്ക്കൂൾ സംസ്കൃത ഹൈസ്കൂളായി നിയമിതനായി. സംസ്കൃത പഠനത്തിന് കുട്ടികൾ കുറഞ്ഞപ്പോൾ സംസ്കൃത ഹൈസ്കൂൾ സാധാ രണ സ്കൂളായി പ്രവർത്തനം ചെയ്തു. ശ്രീ.ഐ.എം വേലായുധൻ മാസ്റ്ററുടെ കീഴിൽ സ്കൂളിന്റെ വളർച്ച അഭൂതപൂർവ്വമായിരുന്നു. 1957 ൽ ഗേൾസ് സ്കൂളായി വിഭജിച്ചപ്പോൾ ശ്രീമതി വി.രാധ ടീച്ചറെ ഹെഡ്മിസ്ട്രസ്സ് ആയി നിയമിച്ചു.

പഠനത്തിലും പാഠ്യേതര പ്രവർത്തനങ്ങളിലും ഈ സ്കൂൾ മുന്നിട്ടു നിൽക്കു ന്നു. ഇപ്പോൾ സ്കൂളിന്റെ മാനേജർ ശ്രീ.ശുഭാംഗാനന്ദ സ്വാമികൾ ആണ്. സ്കൂളിന്റെ വികസനത്തിന് ഒപ്പം നിൽക്കുന്ന ശക്തമായ ഒരു പി.ടി.എ ഞങ്ങളുടെ സ്കൂളിലുണ്ട്.

## പൊതുലക്ഷ്യങ്ങൾ

- ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക
- കുട്ടിയുടെ കഴിവ് കേവലം വിഷയ പഠനത്തിൽ ഒതുക്കാതെ സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിൽ സമഗ്ര വികസനം ലക്ഷ്യമാക്കുക
- പാഠ്യേതര മികവ് ഉയർത്തുന്നതിനാവശ്യമായ ഭൗതിക, മാനസിക, സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കുക.
- കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക. മാലിന്യ നിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുക.
- അന്താരാഷ്ട്ര പഠന നിലവാരത്തിൽ ഉറപ്പു വരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ വിദ്യാലയങ്ങളിൽ എത്തിക്കുക.
- ഓരോ കുട്ടിയുടേയും അറിവും കഴിവും അതത് കാലഘട്ടത്തിനനുസൃതമായി കരിക്കുലം വിഭാവനം ചെയ്ത പ്രകാരം ഏറ്റവും ഉയർന്ന തലത്തിൽ എത്തിക്കുക.
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണനകൾ നൽകി മുഖ്യ ധാരയിലെത്തിക്കുക.
- ഫുട്ബോൾ, വോളിബോൾ, ബാസ്കറ്റ്ബോൾ, ബാഡ്മിന്റൺ, അത്‌ലറ്റിക്സ്, നീന്തൽ എന്നിവയ്ക്കായുള്ള സൗകര്യങ്ങൾ ഒരുക്കുക.
- സ്കൂൾ ഒരു സാമൂഹ്യവൽക്കരണത്തിനുള്ള ഏറ്റവും അനുയോജ്യമായ ഏജൻസിയാക്കുക.
- സന്മാർഗ്ഗബോധം രൂപപ്പെടുത്തുന്ന ഏജൻസിയായി വിദ്യാലയത്തെ മാറ്റിയെടുക്കുക.
- വിദ്യാലയം പൊതുസ്വത്താണെന്നും അത് സമൂഹത്തിന്റെ ഏത് തരം ആവശ്യങ്ങളും നിറവേറ്റാനുള്ള അടിസ്ഥാന ചിന്തകൾ വളർത്താനുള്ള ഇടമാണെന്നും സമൂഹത്തെ ബോധ്യപ്പെടുത്തുക
- സമൂഹത്തെ അധഃപതിക്കുന്ന വിഭാഗാത്മക ചിന്തകളിൽ നിന്നും തലമുറകളെ രക്ഷപ്പെടുത്തുന്നതിനുള്ള ചുവടുവെപ്പുകൾ ആരംഭിക്കുക.
- രാജ്യസ്നേഹം പൗരന്റെ അടിസ്ഥാനധർമ്മമാണെന്നും അതിനായി സ്വയം സമർപ്പിക്കേണ്ടത് ആവശ്യമാണെന്നും കുട്ടിയെ ബോധ്യപ്പെടുത്തുന്നതിന്

- ശാസ്ത്രീയമനോവൃത്തി എന്ന സാമൂഹിക ജീവിതത്തിന് കരുത്തു നൽകുന്നു എന്ന സന്ദേശം പകർന്നു നൽകുന്നതിന്
- ഗണിതഭാഷ, യുക്തിചിന്ത, വിശകലന പാടവം എന്നിവ കുട്ടികളിൽ വളർത്തുന്ന തിന് പ്രേരകശക്തിയാകുക.
- ഭരണഘടനയോടും ജനാധിപത്യത്തോടും കൂറും ഉണർവുമുള്ള തലമുറയെ വാർത്തെടുക്കുന്നതിന്

## ലക്ഷ്യങ്ങൾ

- കുട്ടികളുടെ ഭാഷാനിലവാരം ഉയർത്താൻ ഓരോ ക്ലാസ്സിലും ആർജിക്കേണ്ട നൈപുണികൾ എല്ലാ കുട്ടികളിലും എത്തിയെന്ന് ഉറപ്പുവരുത്തൽ.
- കുട്ടികളുടെ സർഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സമാധാന ദേശീയ അന്തർദ്ദേശീയ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തമാക്കും.
- കുട്ടികളുടെ മാനസിക വികാസത്തിന് ഉതകുന്ന തരത്തിൽ യോഗ തുടങ്ങിയ വ്യായാമ മുറകൾ പരിശീലിപ്പിക്കുക.
- എല്ലാ കുട്ടികൾക്കും യോജിച്ച വിധത്തിൽ പരീക്ഷണ നിരീക്ഷണത്തിലധിഷ്ഠിത മായ ശാസ്ത്രബോധനം നൽകുക.
- നിത്യജീവിതത്തിൽ എല്ലാവർക്കും പല തരത്തിലുള്ള ഗണിതക്രിയകളുടെ ആവ ശ്യമുണ്ട്. അളവുകളെക്കുറിച്ചുള്ള ധാരണകളും അവ ഉപയോഗിച്ചുള്ള ക്രിയകളും നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ, പണമിടപാടുകളിലെ രീതികൾ മനസ്സി ലാക്കൽ
- ആനുകാലിക വിഷയങ്ങളിൽ വ്യക്തമായ ധാരണയും അവബോധവും ഉണ്ടാക്കു ന്നതിന്
- രാജ്യത്തിന്റെ സാംസ്കാരികവും ചരിത്രപരവുമായ പ്രാധാന്യം ബോധ്യപ്പെടുത്തു ന്നതിന്
- നാടിന്റേയും രാജ്യത്തിന്റേയും ചരിത്രം മനസ്സിലാക്കുന്നതിന്
- വിവരാവകാശനിയമം, പൗരാവകാശങ്ങൾ എന്നീ വിഷയങ്ങളെക്കുറിച്ചുള്ള ധാരണ ഉണ്ടാക്കുന്നതിന്

- ഭൂമിയെക്കുറിച്ചും ഭൗമപ്രതിഭാസങ്ങളെക്കുറിച്ചും ശാസ്ത്രീയമായ ഉൾക്കാഴ്ച ഉണ്ടാക്കുന്നത്
- പരിസ്ഥിതി സംരക്ഷണത്തിന്റെ സാമൂഹ്യപ്രസക്തി, കൃഷിയുടെ പ്രാധാന്യം, പ്രകൃതി സംരക്ഷണത്തിന്റെ പ്രസക്തി എന്നിവ ബോധ്യപ്പെടുത്തുന്നതിന്
- കുട്ടികളിൽ വിശ്വമാനവ സങ്കല്പവും ഏകലോക സങ്കല്പവും രൂപപ്പെടുന്നതിന്
- രാജ്യത്തിന്റെ വളർച്ചയ്ക്കും വികാസത്തിനും പൗരന്റെ ഉടപെടലുകളെക്കുറിച്ച് ബോധ്യപ്പെടുന്നതിന്

# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശലകലനം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • പ്രീടെസ്റ്റ്<br>• അക്ഷരം ഉറപ്പിക്കൽ<br>• അടയാളം ഉറപ്പിക്കൽ<br>• അക്ഷരകാർഡ് നൽകൽ<br>• വാക്കുകൾ എഴുതിയ കാർഡ്<br>• വാക്കുകൾ നിർമ്മിക്കൽ<br>• വാക്യങ്ങൾ നിർമ്മിക്കൽ<br>• ചിത്രം, അടിക്കുറിപ്പ്<br>• ചിത്രം - കഥ എഴുതൽ<br>• ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ് | 2 മാസം (ജൂൺ ജൂലായ്) | ഭാഷാധ്യാപിക പി.ടി.എ | പി.ടി.എ ഒ.എസ്.എ ഒ.എസ്.എസ് |
| കുട്ടിയെ മികച്ച വായനക്കാരനാക്കുക | • ക്ലാസ്സ് വായനക്കൂട്ടം രൂപീകരണം<br>• സ്കൂൾ ലൈബ്രറി നവീകരണം<br>• ഗ്രന്ഥശാല അംഗത്വം<br>• വായനോത്സവം<br>• പത്രവായന<br>• പുസ്തകചർച്ച<br>• വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>• ദിനാചരണങ്ങൾ<br>• സാഹിത്യകാരന്മാരുമായി അഭിമുഖം<br>• ഇ-വായന | ആഗസ്റ്റ് മുതൽ ഡിസംബർ വരെ | ഭാഷാധ്യാപിക പി.ടി.എ | പി.ടി.എ ഒ.എസ്.എ എസ്. എസ്.ജി |
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | • എഴുത്തുകൂട്ടം രൂപീകരണം<br>• സ്കൂൾ ലൈബ്രറി നവീകരണം<br>• പുസ്തക ചർച്ച<br>• വായനക്കുറിപ്പ് പതിപ്പ് | 6 മാസം | ഭാഷാധ്യാപിക പി.ടി.എ | പി.ടി.എ എസ്. എസ്.കെ മറ്റ് സംഘടനകൾ |

| | | | | |
|---|---|---|---|---|
| സദസ്സിനെ അഭി മുഖീകരിക്കു വാൻ പ്രാപ്തരാക്കുക | • വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>• ചുമർ പത്രിക<br>• വ്യക്തിഗത വായന സംഘ രചന<br>• ഭാഷാപ്രോജക്ട്<br>• സാഹിത്യകാരന്മാരുമായി അഭിമുഖം, സംവാദം<br>• സാഹിത്യ സംസ്കാരിക ചിത്ര ഗ്യാലറി<br><br>• പ്രസംഗ പരിശീലന കളരി<br>• മികച്ച പ്രസംഗങ്ങളുടെ ഓഡിയോ എന്നിവ നൽകുന്നു<br>• പ്രസംഗം അവതരിപ്പിക്കുന്നതിന് വേദികൾ | 6 മാസം | ഭാഷാധ്യാപിക<br>പി.ടി.എ | പി ടി എ<br>ഒ.എസ്.എ<br>എസ്.എം.സി |

# ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശലകലനം |
|---|---|---|---|---|
| To equip children handle English effectively (Develop the communication skills)<br>ISRW | • Pre test<br>• Preparation of Activity Package<br>• English Assembly<br>• News Desk<br>• School Radio<br>• Readers theatre<br>• Preparation of wall magazine<br>• Reading and workshop<br>• Familiarise different discourses<br>• Creative workshops (story, poem | June to January | | |
| Activities for CWSN Children | • Different pictures for story development<br>• Audios, Videos for acquire language | | | |
| Literary Tourism | • Visit the place of one author card prepare videos<br>• Field trip to Museum | September | English Teacher, PTA | PTA<br>OSA |
| E-Reading | • Familiarize different sources for E-Reading | August to December | English Teacher<br>PTA | PTA<br>SSK |
| Creative workshop for enhancing reading and writing skill | • Story reading<br>• Appreciation<br>• Book Review<br>• Preparation and processing of reading cards | October | English Teacher | |

| | | | | |
|---|---|---|---|---|
| Literary Gallery | • Collect the pictures of authors and their books<br>• Display the famous quotes of great authors<br>• Conduct literary seminars | June to March | English Teacher | PTA<br>OSA |
| Individual writing | • Writing competitions<br>• Preparation of manuscript magazines | November | English Teacher | PTA<br>OSA |

# ഹിന്ദി

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശലകലനം** |
|---|---|---|---|---|
| ഹിന്ദി ഭാഷ ഫല പ്രദമായി കൈകാര്യം ചെയ്യുന്നതിന് | • അക്ഷര മരം<br>• ലളിതമായ വാക്കുകൾ പരിശീലിപ്പി ക്കുന്നു<br>• എഴുതി പരിശീലിപ്പിക്കുന്നു | ജൂൺ | ഹിന്ദി അധ്യാ പിക | പി ടി എ<br>ഒ.എസ് എ |
| കഥാകളരി | • ചിത്രം നോക്കി കഥ പറയൽ<br>• കഥകൾ വായന<br>• കഥാപൂരണം | ജൂലായ്-ആഗസ്റ്റ് | ഹിന്ദി അധ്യാ പിക | |
| ശില്പശാല | • ഹിന്ദി വായനക്കാർഡ് നിർമ്മാണ ശില്പശാല | സെപ്തം ബർ | ഹിന്ദി അധ്യാ പിക | |
| ദിനാചരണങ്ങൾ | • വിവിധ പ്രവർത്തനങ്ങൾ | | | |
| ഹിന്ദി അസംബ്ലി | • ആഴ്ചയിൽ ഒരു ദിവസം ഹിന്ദി അസംബ്ലി | ജൂൺ - ജനു വരി | ഹിന്ദി ടീച്ചർ | |
| ഇ-വായന കണ്ടെ ത്തൽ | • വിവിധ സ്രോതസ്സുകളിൽ നിന്ന് വായന സാമഗ്രികൾ തെരെഞ്ഞെ ടുക്കുന്നതിനുള്ള പരിശീലനം | ഒരു വർഷം | ഹിന്ദി ടീച്ചർ | |
| സ്കൂൾ റേഡിയോ | • വിവിധ പരിപാടികൾ<br>• പ്രകടനങ്ങൾ | ഒരു വർഷം | ഹിന്ദി ടീച്ചർ | |

# അടിസ്ഥാനശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശലകലനം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രബോധം വളർത്തുന്നതിന് | • ലാബ് പരിചയപ്പെടൽ<br>• ICT അധിഷ്ഠിത ക്ലാസ്സുകൾ<br>• ദിനാചരണങ്ങൾ | ജൂൺ | സയൻസ് അധ്യാപിക | |
| വിവിധ ശാസ്ത്ര പ്രവർത്തനങ്ങൾ | • പിസി കൾച്ചർ പരിചയപ്പെടുത്തൽ<br>• ദൃശ്യാവിഷ്കാരം<br>• വായനക്കുറിപ്പുകൾ<br>• സയൻസ് ലാബ് രൂപീകരണം | ജൂലായ് | സയൻസ് അധ്യാപിക | |
| | • മണ്ണ് പരിശോധിക്കൽ<br>• കൃഷി രീതികൾ പരിചയപ്പെടൽ<br>• വർക്ക്ഷീറ്റ് നിർമ്മാണം | ആഗസ്റ്റ് | സയൻസ് അധ്യാപിക | പി ടി എ |
| | • കമ്പോസ്റ്റ് നിർമ്മാണം<br>• ശാസ്ത്രമൂലകൾ<br>• മോഡൽ നിർമ്മാണം<br>• ശലഭോദ്യാനം ഒരുക്കൽ<br>• ശാസ്ത്ര പ്രദർശനം | ഒക്ടോബർ | സയൻസ് അധ്യാപിക | പി ടി എ |
| | • സയൻസ് ക്വിസ്<br>• വിവിധ തരം പരീക്ഷണങ്ങൾ പരിശീലിപ്പിക്കൽ | നവംബർ | | |
| | • വിദഗ്ധരുടെ ക്ലാസ്സുകൾ<br>• സ്പോട്ട് ടെസ്റ്റുകൾ<br>• മോഡലുകൾ നിർമ്മാണം | ഡിസംബർ | സയൻസ് അധ്യാപിക | |
| | • അഭിമുഖം - പ്രാദേശികമായി അറിയപ്പെടുന്ന ഒരു കർഷകൻ | ആഗസ്റ്റ് | സയൻസ് അധ്യാപിക | |

| | | | | |
|---|---|---|---|---|
| | • ജലസ്രോതസ്സുകൾ സന്ദർശനം (പുഴ, കായൽ etc) | | | |
| | • ദന്തഡോക്ടറുമായി അഭിമുഖം | സെപ്തംബർ | സയൻസ് അധ്യാപിക | |
| ദിനാചരണങ്ങൾ | • പ്രഛന്ന വേഷം ചാന്ദ്രദിനത്തോടനുബന്ധിച്ച് ബഹിരാകാശ യാത്രികർ | ജൂലായ് | സയൻസ് അധ്യാപിക | |
| പ്രദർശനങ്ങൾ | • ആസിഡ്, ആൽക്കലി അടങ്ങിയ വസ്തുക്കൾ<br>• ഭക്ഷ്യമേള | സെപ്തംബർ | സയൻസ് അധ്യാപിക | |
| | • സയൻസ് പ്രദർശനം<br>• ബോധവത്കരണ ക്ലാസ്സ്<br>• പുഷ്പ പ്രദർശനം | ഒക്ടോബർ | സയൻസ് അധ്യാപിക | |
| സെമിനാർ | • ജലസംരക്ഷണ ബോധവത്കരണ സെമിനാർ | | | |
| പ്രൊജക്ട് | • വിവിധ തരം രോഗങ്ങൾ കാരണവും പ്രതിരോധ മാർഗ്ഗങ്ങളും | ഡിസംബർ | സയൻസ് അധ്യാപിക | |
| റോൾ പ്ലേ | • ഭക്ഷണത്തിൽ അടങ്ങിയിരിക്കുന്ന വിവിധ ഘടകങ്ങൾ | നവംബർ | സയൻസ് അധ്യാപിക | |

# സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശലകലനം |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്ര അഭിരുചി വർദ്ധിപ്പിക്കുന്നതിന് സംഘടിപ്പിക്കുന്ന വിവിധ തരം പ്രവർത്തനങ്ങൾ | • സമുദ്ര ദിനാചരണം<br>• വിവിധ തരം ചിത്രങ്ങൾ<br>• പ്രദർശനം<br>• വീഡിയോകൾ | ജൂൺ | സാമൂഹ്യ ശാസ്ത്ര അധ്യാപിക | |
| | • വായനക്കുറിപ്പുകൾ<br>• ലഘു വിവരണങ്ങൾ | ആഗസ്റ്റ് | സാമൂഹ്യ ശാസ്ത്ര അധ്യാപിക | |
| Work Sheet നിർമ്മാണം | • വിവിധ പാഠഭാഗങ്ങളെ അടിസ്ഥാനപ്പെടുത്തി വർക്ക്ഷീറ്റ് നിർമ്മാണം<br>• മോഡൽ നിർമ്മാണം | സെപ്തംബർ | സാമൂഹ്യ ശാസ്ത്ര അധ്യാപിക | |
| സെമിനാറുകൾ | • വിവിധ സാമൂഹ്യശാസ്ത്ര വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി സെമിനാറുകൾ | ജൂലായ് ഒക്ടോബർ | സാമൂഹ്യ ശാസ്ത്ര അധ്യാപിക | |
| നാണയശേഖരണം | • വിവിധ രാജ്യങ്ങളുടെ നാണയങ്ങളുടെ ശേഖരണം | ജൂൺ to ജനുവരി | സാമൂഹ്യ ശാസ്ത്ര അധ്യാപിക | |
| നാടക ദൃശ്യാവിഷ്കാരങ്ങൾ | • വിവിധ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി നാടകാവതരണം | നവംബർ | സാമൂഹ്യ ശാസ്ത്ര അധ്യാപിക | |
| ഭൂപടങ്ങൾ പരിചയപ്പെടൽ | • വിവിധ രാജ്യങ്ങളുടെ ഭൂപടങ്ങൾ പരിചയപ്പെടുത്തൽ | ജൂലായ് ആഗസ്റ്റ് | സാമൂഹ്യ ശാസ്ത്ര അധ്യാപിക | |
| ICT സാധ്യതകൾ | • ICTഉപയോഗിച്ച് മാപ്പിംഗ് മറ്റ് പ്രവർത്തനങ്ങൾ<br>• ഗ്രാഫുകൾ<br>• പഠനയാത്ര | ഡിസംബർ | സാമൂഹ്യ ശാസ്ത്ര അധ്യാപിക | |

| | | | | |
|---|---|---|---|---|
| പ്രൊജക്ട്<br><br>സാമൂഹ്യ ശാസ്ത്ര പഠനം രസകരമാക്കുന്നതിന് | • ഇന്ത്യയുടെ സംസ്കാരവും ചരിത്രവും<br><br>• പ്ലാസ്റ്റിക് നിർമ്മാർജ്ജനം<br>• പഠനയാത്ര<br>• സ്റ്റാമ്പ് ശേഖരണം<br>• ആൽബം തയ്യാറാക്കൽ<br>• സാമൂഹ്യശാസ്ത്ര ക്വിസ്<br>• ചരിത്രാന്വേഷണം<br>• ദേശീയ അടയാളങ്ങൾ പരിചയപ്പെടുത്തൽ<br>• സാമൂഹ്യശാസ്ത്രമേള | ഡിസംബർ<br><br>ജൂൺ മുതൽ ഫെബ്രുവരി | സാമൂഹ്യ ശാസ്ത്ര അധ്യാപിക<br><br>സാമൂഹ്യ ശാസ്ത്ര അധ്യാപിക | |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശലകലനം |
|---|---|---|---|---|
| അടിസ്ഥാനക്രിയകൾ ഉറപ്പിക്കൽ | • ഗണിതശില്പശാല വിവിധതരം കളികൾ പ്രവർത്തനങ്ങൾ | ജൂൺ ജൂലായ് | ഗണിതാധ്യാപിക | – |
| ഗണിതശാസ്ത്രപഠനവും കരചലനശേഷി വികാസവും | • ഒറിഗാമി ശില്പശാല (വിവിധ ഗണിതരൂപങ്ങൾ നിർമ്മാണം) | ആഗസ്റ്റ് | ഗണിതാധ്യാപിക | പി ടി എ |
| ഗണിത പ്രവർത്തനങ്ങൾ പഠനം രസകരമാക്കുന്നതിന് | • ഗണിതലാബ് സജ്ജീകരണം | ജൂൺ മുതൽ സെപ്തംബർ വരെ | ഗണിതാധ്യാപിക | പി ടി എ<br>ഒ എസ് എ |
| ICT സാധ്യതകൾ | • ICT യുടെ സഹായത്തോടെ ജ്യാമിതീയ രൂപങ്ങൾ ചതുഷ്ക്രിയകൾ ടാൻഗ്രാം എന്നിവ | ജൂൺ മുതൽ ഡിസംബർ വരെ | ഗണിതാധ്യാപിക | |
| ഗണിത ക്ലിനിക് | • ഗണിതത്തിൽ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം | ജൂൺ മുതൽ ഡിസംബർ വരെ | ഗണിതാധ്യാപിക | |
| ദിനാചരണങ്ങൾ | • ജൂൺ മുതൽ മാർച്ച് വരെ നടത്തേണ്ട ഗണിതവുമായി ബന്ധപ്പെട്ട ദിനങ്ങൾ ആചരിക്കുന്നു.<br>• ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടുത്തുന്നു | ജൂൺ മുതൽ മാർച്ച് വരെ | ഗണിതാധ്യാപിക | |
| സംഖ്യാപാറ്റേൺ | • വിവിധ തരം സംഖ്യാ പാറ്റേണുകൾ തിരിച്ചറിയുന്നതിന് പരിശീലനം | | | |
| പസിൽ നിർമ്മാണം | • ഗണിത പസിലുകൾ പ്രദർശിപ്പിക്കുന്നു<br>• വിവിധ വർക്ക് ഷീറ്റുകളുടെ നിർമ്മാണം | | | |

| | | | | |
|---|---|---|---|---|
| Daily Maths | • ദൈനംദിന ജീവിതത്തിൽ ഗണിതത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ | ഒരു വർഷം | ഗണിതാധ്യാപിക | |
| | • ഗണിതോത്സവം<br>• ഗണിത ശാസ്ത്രമേള | മാർച്ച് | ഗണിതാധ്യാപിക | |
| ജ്യോമട്രിക്കൽ ചാർട്ട് | • വിവിധതരം ജ്യാമിതീയ ചാർട്ടുകൾ പരിചയപ്പെടുത്തുന്നു | | ഗണിതാധ്യാപിക | |